പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1586

03.05.2017-ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.നൗഷാദ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ ; | (എ), (ബി) & (സി) | കൊല്ലം കോടതി സമുച്ചയ നിർമ്മാണം രണ്ടു വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം താലൂക്കിലെ മുണ്ടക്കൽ വില്ലേജിൽ 38.16 ഏക്കർ സ്ഥലം ജുഡീഷ്യറി വകുപ്പിന് അനുവദിച്ചിരുന്നു. എന്നാൽ W.P(C)7574/2011 -ൽ ബഹു.ഹൈക്കോടതി 10.10.2011 -ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ കല്ലിടിൽ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 161-ൽ ഉൾപ്പെട്ട ആശ്രാമം ഗസ്റ്റ് ഹൗസിന് സമീപം സ്ഥലം ലഭ്യമാക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടുവെങ്കിലും ഈ സ്ഥലം ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാൽ ആ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കാമെന്ന നിർദ്ദേശം പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. സ്ഥലവുമായി ബന്ധപ്പെട്ട് കൊല്ലം സബ് കോടതിയിൽ ഒ.എസ് 813/09 നമ്പരിൽ ഒരു കേസ്സ് ഇതിനിടയിൽ ഉണ്ടാവുകയും എന്നാൽ ഈ കേസ് ഇപ്പോൾ തീർപ്പാവുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കൊല്ലം കോടതി സമുച്ചയ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യത ആവശ്യപ്പെട്ടുകൊണ്ടുള്ള latest report നൽകുവാൻ രജിസ്ട്രാറോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് വിശദീകരിക്കാമോ ; | | |
| (സി) കോടതി സമുച്ചയം സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ